ശ്രീ. പി. ടി. ചാക്കോ : ചോദ്യം ബി. യിൽ കടിഞ്ഞിക കിട്ടാത്തതു കൊണ്ടു് പരാതിയുണ്ടോ എന്നുള്ള ചോദ്യത്തിനു് മറുപടി കിട്ടിയില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പരാതികളും വളരെക്കാലമായുണ്ടു്. തിരിച്ചു തിരിച്ചു പരാതിയില്ല. വെയിറേജു് കൊടുക്കാൻ താമസിച്ചു പോയി എന്നാണു് പരാതി പ്രധാനമായിട്ടുള്ളതു്. അതു ഞാൻ നേരത്തെ പറഞ്ഞു, നടപടികളും എടുത്തുകൊണ്ടിരിക്കുകയാണെന്നു്.

ശ്രീ. പി. ടി. ചാക്കോ : അതുകൊണ്ടു് ചോദ്യം ശമ്പളപരിഷ്കാരത്തിന്റെ ഫലമായി അരിയേഴ്സ് എത്ര കൊടുക്കാനുണ്ടെന്നാണെന്നു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വളരെ വ്യക്തമായി പറഞ്ഞു കഴിഞ്ഞു. ശമ്പളസ്കെയിൽ പരിഷ്കരിച്ചതു് ഇന്ന യിടെയാണു്. അതു കൊടുത്തുവരുന്നു. മുഴുവൻ ശമ്പളവും താരതമ്യപ്പെടുത്തി അതു കിട്ടുന്നതിനു് വല്ല ഡെഫിനിക്കൽ ഡിഫിക്കൾട്ടിയുമുണ്ടെങ്കിൽ അതു മാറാൻ നടപടികളെടുക്കുന്നതാണു്.

ശ്രീ. പി. ടി. ചാക്കോ : കടിഞ്ഞിക കൊടുക്കുന്നതിനേപ്പറ്റി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നാണു് ചോദ്യം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതാണു് പറഞ്ഞതും. പി. എസ്സ്. എസ്സ്. സ്കീം നടപ്പിലായിത്തീർന്നതു മുതൽ ഫിക്സേഷൻ കഴിഞ്ഞു് അതു പരിശോധിച്ചു് വല്ല ഡെഫിനിക്കൽ ഡിഫിക്കൾട്ടിയുമുണ്ടെങ്കിൽ അതു പരിശോധിച്ചു് വേഗത്തിൽ നടപടി നടത്തുമെന്നു്.

ശ്രീ. പി. ടി. ചാക്കോ : ശമ്പളപരിഷ്കാരത്തെപ്പറ്റി മുൻപത്തെ ചോദ്യത്തിലുണ്ടു്: കടിഞ്ഞിക കൊടുക്കാത്തതിനെപ്പറ്റിയാണു്. പലവകയിൽ കടിഞ്ഞികയുണ്ടു്. പരിഷ്കാരത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളം കൊടുത്തുവരികയാണു്. പരിഷ്കരിച്ച ശമ്പളത്തിൽ വളരെയധികം കടിഞ്ഞിക വരാൻ സാധ്യതയില്ല. വല്ല കാരണവശാലും മുൻപത്തെ കടിഞ്ഞികയുണ്ടെങ്കിൽ അതൊക്കെ അഡ്ജസ്റ്റ് ചെയ്തു ശരിയാക്കേണ്ടിവരും. ഇന്നയിന്ന ഇനങ്ങളിൽ കടിഞ്ഞിക ഇത്രയെന്നു പറയാൻ നിവൃത്തിയില്ല.

ഇലക്ട്രിക് ലൈൻ വലിക്കുമ്പോൾ വെട്ടിയ വൃക്ഷങ്ങൾക്കുള്ള പ്രതിഫലം.

* 1545. [3] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഇലക്ട്രിക് ലൈൻ വലിക്കുമ്പോൾ വെട്ടി നശിപ്പിക്കപ്പെടുന്ന തെങ്ങു്, കമുകു് തുടങ്ങിയ വൃക്ഷങ്ങൾക്കു് പൂരയിടഉടമസ്ഥനു് പ്രതിഫലം കൊടുക്കുന്നതു് ഏതു മാനദണ്ഡം വച്ചുകൊണ്ടാണു്;

(ബി) 1957 ഏപ്രിൽ മാസത്തിനുശേഷം ലൈൻ വലിച്ചതിന്റെ വകയിൽ മേൽപ്രകാരം പ്രതിഫലം ലഭിക്കാൻ അർഹതയുള്ള ഏതു പേർക്കു തുക നൽകാതെയുണ്ടു്;

(സി) മീനച്ചിൽ, തൊടുപുഴ എന്നീ താലൂക്കുകളിൽ പ്രതിഫലത്തുക നിശ്ചയിച്ചതിലും, അതിന്റെ വിതരണത്തിലും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇലക്ട്രിക്കലൈൻ വലിക്കുമ്പോൾ വെട്ടി നശിപ്പിക്കപ്പെടുന്ന ഫലവൃക്ഷങ്ങൾക്ക് പ്രതിവർഷം കിട്ടുന്ന ആദായത്തിന്റെ അടിസ്ഥാനത്തിലും മറ്റു വൃക്ഷങ്ങൾക്ക് തടികൾക്ക് പ്രതീക്ഷിക്കാവുന്ന വിലയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രതിഫലം നിശ്ചയിക്കുന്നത്.

(ബി) പ്രതിഫലം വാങ്ങിക്കേണ്ട അവകാശികൾ ആരൊക്കെയാണെന്നു തീരുമാനിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട് 1957 ഏപ്രിലിനുശേഷം ഏഴായിരം രൂപവരെ പ്രതിഫലം കൊടുത്തുതീർക്കാനുണ്ട്.

(സി) പരാതിയുള്ളതായി കാണുന്നില്ല.

ശ്രീ. സി. എ. മാത്യു : പ്രതിഫലം നിശ്ചയിക്കുമ്പോൾ ഫലവൃക്ഷങ്ങൾ എല്ലാം കണക്കെടുക്കാതിരിക്കുകയും എടുത്തിട്ടുള്ള വൃക്ഷങ്ങൾക്ക് ശരിയായ തുക നിശ്ചയിക്കാതിരിക്കുകയും നിശ്ചയിച്ച തുക കൊടുക്കാതെ കാലതാമസപ്പെടുത്തുകയും മറ്റും ചെയ്തു പുരയിടമുടമസ്ഥന്മാർക്ക് ബുദ്ധിമുട്ടുകളും വിഷമതകളും ഉണ്ടാക്കുന്നതു തടയാൻ ഗവൺമെന്റിൽനിന്നും അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ശ്രീ. സി. അച്യുതമേനോൻ : അവകാശികളെ കണ്ടുപിടിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടും അവകാശികൾ അവകാശം തെളിയിക്കാത്തതുകൊണ്ടുമാണ് കാലതാമസമുണ്ടാകുന്നത്. അതു പരിഹരിക്കാൻ നോക്കാം.

ശ്രീ. സി. എ. മാത്യു : ഏതു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനാണ് ഇതിന്റെ ചുമതല ?

ശ്രീ. സി. അച്യുതമേനോൻ : ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ലാൻഡ് അക്വിസിഷൻ ഓഫീസർക്കാണ് അതിന്റെ ചുമതല.

പോലീസ് പുനഃസംഘടനാകമ്മിറ്റിയോഗങ്ങൾ.

*1546. [5] ശ്രീ പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. സി. ചാറ്റർജി ചെയർമാനായുള്ള കേരളപോലീസ് പുനഃസംഘടനാകമ്മിറ്റി എത്ര യോഗങ്ങൾ കൂടിയിട്ടുണ്ട്; എവിടെയെല്ലാം;

(ബി) ആ കമ്മിറ്റിക്കുവേണ്ടി ഇതിനകം എത്ര തുക ചെലവായിട്ടുണ്ട് ;

(സി) ഏതെല്ലാം വിഭാഗങ്ങളിൽനിന്നും തെളിവെടുത്തിട്ടുണ്ട് ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) തിരുവനന്തപുരത്തുവച്ചും ഡൽഹിയിൽവച്ചും രണ്ടു യോഗങ്ങൾ കൂടിയിട്ടുണ്ട്.

(ബി) 16,119 രൂപ ചെലവായിട്ടുണ്ട്

(സി) കമ്മിറ്റിയുടെ ചോദ്യാവലി കേന്ദ്രത്തിലെയും സ്റ്റേറ്റിലെയും മന്ത്രിമാർക്കും എം. പി. മാർക്കും രാഷ്ട്രീയപാർട്ടികളുടെ നേതാക്കന്മാർക്കും അസംബ്ലിമെമ്പറന്മാർക്കും ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. ഡൽഹിയിൽവച്ചുമാത്രമാണ് അവരെ നേരിട്ടു തെളിവുകൾ സ്വീകരിച്ചിട്ടുള്ളത്. അവിടെവച്ച് പഴയ ഹൈക്കോടതി ചീഫ് ജസ്റ്റിമാരുടേയും സുപ്രീംകോടതിയിലെ അഭിഭാഷകന്മാരുടേയും പക്കൽ നിന്നുമാണ് തെളിവെടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly